# പതിനാലാം കേരള നിയമസഭ

## ഏഴാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്തചോദ്യം നം:2779** **18.08.2017-ൽ മറുപടിയ്ക്ക്**

## 8 മുതൽ 12 വരെയുള്ള ക്ലാസ്സുകൾ ഡിജിറ്റൽ ക്ലാസ് റൂമുകൾ ആക്കുന്ന പദ്ധതി.

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ . സി.കെ.ഹരീന്ദ്രൻ | പ്രൊഫ: സി.രവീന്ദ്രനാഥ്<br>(വിദ്യാഭ്യാസ വകുപ്പു മന്ത്രി) |
| എ) പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി 8 മുതൽ 12 വരെയുള്ള ക്ലാസുകൾ ഡിജിറ്റൽ ക്ലാസ് റൂമുകൾ ആക്കുന്നതിനായി രൂപീകരിച്ച പദ്ധതിയുടെ നിലവിലെ അവസ്ഥ എന്താണെന്ന് അറിയിക്കാമോ ; | എ) എട്ടുമുതൽ പന്ത്രണ്ടുവരെയുള്ള സർക്കാർ, എയ്ഡഡ് സ്കൂളുകളിലെ നാല്പത്തയ്യായിരം ക്ലാസ് മുറികൾ ഹൈടെക് ആക്കുന്നതിനും ഐ.ടി.ലാബ് സ്ഥാപിക്കുന്നതിനുമുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. ആലപ്പുഴ, പുതുക്കാട്, കോഴിക്കോട് നോർത്ത്, തളിപ്പറമ്പ് എന്നീ നാല് അസംബ്ലി നിയോജക മണ്ഡലങ്ങളിലെ സ്കൂളുകളിൽ ഹൈടെക് സ്കൂൾ പദ്ധതി പൈലറ്റായി നടപ്പിലാക്കിയിട്ടുണ്ട്. പദ്ധതി നടപ്പിലാക്കുന്നതിനായി ഭൗതിക സാഹചര്യങ്ങൾ ഒരുക്കുന്നതും ക്ലാസ് മുറികൾ സജ്ജമാക്കുന്നതും അതത് സ്കൂളുകൾ തന്നെയായിരിക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. ഇതിനായി 493.5 കോടിയുടെ പ്രൊപ്പോസലിന് 'കിഫ്ബി' യുടെ അംഗീകാരം ലഭിച്ചിട്ടുണ്ട് . കേരളാ ഇൻഫ്രാസ്ട്രക്ചർ &ടെക്നോളജി ഫോർ എഡ്യൂക്കേഷൻ (കൈറ്റ്)എന്ന പേരിൽ ഐടി@സ്കൂളിനെ ഉൾപ്പെടുത്തി ഒരു സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ (എസ്.പി.വി) രൂപീകരിച്ചിട്ടുണ്ട്. സ്കൂളുകൾ സജ്ജമാക്കിയ വിശദാംശങ്ങൾ |

ഉൾപ്പെടുത്തുന്നതിനും പരിശോധിക്കുന്നതിനും ഓൺലൈൻ സംവിധാനവും ഏർപ്പെടുത്തിയിട്ടുണ്ട്. സ്കൂളിലേയ്ക്ക് ഐ.ടി.ഉപകരണ വിതരണം നടത്തുന്നതിന് മുൻപ് ക്ലാസ് മുറികൾ സജ്ജമാക്കിയത് സംബന്ധിച്ച പരിശോധന നടത്തുന്നതിന് ഐടി.@ സ്കൂൾ പ്രോജക്റ്റിന്റെ മാസ്റ്റർ ട്രെയിനർമാർ നേരിട്ട് സ്കൂൾ സന്ദർശനം നടത്തുന്നുണ്ട്. പൈലറ്റ് പദ്ധതി പൂർത്തിയാക്കിയ മണ്ഡലങ്ങൾക്കുപരിയായുള്ള 136 അസംബ്ലി നിയോജക മണ്ഡലങ്ങളിലെ സജ്ജമായ ക്ലാസ്സുകളിലേയ്ക്ക് ഉപകരണ വിതരണവുംമറ്റ് പ്രവർത്തനങ്ങളും 2017 ഒക്ടോബറിൽ ആരംഭിക്കുന്നതാണ്.

ബി) പ്രസ്തുത പദ്ധതി പ്രകാരം പാറശാല മണ്ഡലത്തിൽ ഏതൊക്കെ വിദ്യാലയങ്ങളിൽ സ്മാർട്ട് ക്ലാസ് അനുവദിച്ചിട്ടുണ്ട് എന്നും മറ്റുള്ള സ്കൂളുകളിൽ എന്നത്തേയ്ക്ക് സ്ഥാപിക്കാനാകുമെന്നും അറിയിക്കാമോ ;

ബി സംസ്ഥാനത്തെ എട്ടുമുതൽ പന്ത്രണ്ടുവരെയുള്ള ക്ലാസ്സുകളുള്ള എല്ലാ സർക്കാർ, എയ്ഡഡ് സ്കൂളുകളിലും പദ്ധതി നടപ്പിലാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. ഓരോ സ്കൂളിന്റെയും പങ്കാളിത്തത്തോടെ ഹൈടെക് സ്കൂൾ പദ്ധതി നടപ്പിലാക്കുന്നതിനായി ഭൗതിക സാഹചര്യങ്ങൾ ഒരുക്കുന്നതും ക്ലാസ് മുറികൾ സജ്ജമാക്കുന്നതും അതത് സ്കൂളുകൾ തന്നെയായിരിക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട് . സ്കൂളുകൾ ഒരുക്കിയ സൗകര്യങ്ങളുടെ വിശദാംശം ഉൾപ്പെടുത്തുന്നതിന് ഓൺലൈൻ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. സ്കൂൾ തല സർവ്വേയും ഐ.ടി.ഓഡിറ്റും നടത്തിയാണ് തുടർ പ്രവർത്തനങ്ങൾ നടത്തുന്നത്. ക്ലാസ് മുറികൾ സജ്ജമാകുന്ന മുറയ്ക്ക് പദ്ധതി നടപ്പിലാക്കുന്നതാണ്.

| | | | |
|---|---|---|---|
| സി) | കേരളത്തിലെ എല്ലാ മണ്ഡലങ്ങളിലും ഏതാനും സ്കൂളുകൾ മോഡൽ സ്കൂളുകളായി ഉയർത്താൻ നിശ്ചയിച്ചതിന്റെ ഭാഗമായി നെയ്യാർ ഡാം സ്കൂളിനെ മോഡൽ സ്കൂളായി ഉയർത്തുന്നതിനായി എന്തൊക്കെ നടപടിയാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കാമോ? | സി) | നെയ്യാർ ഡാം സ്കൂളിനെ മോഡൽ സ്കൂളായി ഉയർത്തുന്നതിനായി നിലവിൽ നടപടികൾ ഒന്നുംതന്നെ സ്വീകരിച്ചിട്ടില്ല. |

സെക്ഷൻഓഫീസർ